"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- പ്രളയം 2018-ആലപ്പുഴ ജില്ല ശ്രീ.രവീന്ദ്രൻ.പി.കെ. എന്ന വ്യക്തിയുടെ വീടിനുണ്ടായ നാശനഷ്ടത്തിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2032/2024/RD തീയതി,തിരുവനന്തപുരം, 29-08-2024**

---

പരാമർശം:- സ.ഉ. (സാധാ) നം. 92/2024/ദു.നി.വ., തീയതി, 20.01.2024.

**ഉത്തരവ്**

2018-ലെ പ്രളയത്തിൽ വീടിനുണ്ടായ നാശ നഷ്ടത്തിന് നഷ്ടപരിഹാരം ലഭിച്ചില്ലെന്ന് കാണിച്ച് ആലപ്പുഴ തണ്ണീർമുക്കം വേലശ്ശേരി, ശ്രീ. രവീന്ദ്രൻ. പി.കെ. കരുതലും കൈത്താങ്ങും അദാലത്തിൽ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിൽ വീടിന് 25% നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്നും 2018-ലെ പ്രളയത്തിൽ സംഭവിച്ച നഷ്ടങ്ങൾക്ക് നിലവിൽ ജില്ലാതലത്തിൽ നഷ്ടപരിഹാരം അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ശ്രീ. രവീന്ദ്രൻ. പി.കെ. എന്ന വ്യക്തിക്ക് 16-29% ശതമാനം സ്ലാബിൽ ഉൾപ്പെടുത്തി 60,000/- രൂപ അനുവദിക്കുന്നതിന് ജില്ലാ കളക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2018-ലെ പ്രളയത്തിൽ വീടിന് 16-29% ശതമാനം നാശനഷ്ടം സംഭവിച്ചിട്ടുള്ള ശ്രീ.രവീന്ദ്രന് പ്രസ്തുത നാശനഷ്ടത്തിന് പരമാവധി അനുവദിക്കാവുന്ന ആശ്വാസ ധനസഹായമായ 60,000/- രൂപയിൽ 28,500/- രൂപ SDRF-ൽ നിന്നും ശേഷിക്കുന്ന തുകയായ 31,500/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ടതാണ് എന്ന് പരാമർശ പ്രകാരം ഉത്തരവായി.

2) പരാമർശത്തിലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2018-ലെ പ്രളയത്തിൽ വീടിന് 16-29% ശതമാനം നാശനഷ്ടം ഉണ്ടായതിന് ആലപ്പുഴ തണ്ണീർമുക്കം വേലശ്ശേരി, ശ്രീ.രവീന്ദ്രൻ പി.കെ, എന്ന വ്യക്തിക്ക് SDRF-ൽ നിന്നും അനുവദിച്ച 28,500/-രൂപ കിഴിച്ച് ബാക്കി തുകയായ **31,500/- (മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3) വിതരണത്തിനാവശ്യമായി വരുന്ന തുകയായ **31,500/- (മുപ്പത്തി ഒന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം)** രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

4) തുക വിതരണം ചെയ്യുന്നതിനു മുൻപ് ഗുണഭോക്താവിന് ഇതിനകം ഇതേ ആവശ്യത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക ലഭിച്ചിട്ടില്ലായെന്ന് ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതും അപ്രകാരം തുക ഇതിനകം ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ച തുക ടിയാന് വിതരണം ചെയ്യാൻ പാടില്ലാത്തതുമാണ്. മേൽ പരാമർശിച്ച തുക അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഇതുമായി ബന്ധപ്പെട്ട Software /സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(DRF-A4/221/2024-REV)

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
ദുരന്ത നിവാരണ വകുപ്പ്.
റവന്യൂ (ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ്.-ബി )വകുപ്പുകൾക്ക്

ഉത്തരവിൻ പ്രകാരം,
Signed by
Apsara T T
Date: 30-08-2024 12:00:05
സെക്ഷൻ ഓഫീസർ